LIBRARY ARCHIVES Kerala Legislative Assembly

കായിക താരങ്ങൾക്ക് സ്കോളർഷിപ്പ് നൽകാൻ നടപടി

28 (1065) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ലെവലിലും ഇന്റർനാഷണൽ ലെവലിലും വിജയിക്കുന്ന കായിക താരങ്ങൾക്ക് എത്ര രൂപയുടെ സ്കോളർഷിപ്പാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകകൾ ഏത് നിലയ്ക്കാണ് കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക വിതരണം ചെയ്യുന്ന സ്പോർട്സ് കൗൺസിൽ, താരങ്ങൾക്ക് തുക കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(ഡി) എങ്കിൽ ഏതു വിഭാഗമാണ് പരിശോധന നടത്താറുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എം.ബി) 1997-ലെ സർക്കാർ ഉത്തരവു പ്രകാരം നാഷണൽ ലെവലിലും ഇന്റർനാഷണൽ ലെവലിലും വിജയിക്കുന്ന കായിക താരങ്ങൾക്ക് നൽകി വരുന്നത് ക്യാഷ് അവാർഡാണ്; സ്കോളർഷിപ്പ് അല്ല (ജി.ഒ.(ആർ.റ്റി.)3783/97/ജി.ഇ.ഡി. എൻ. തീയതി. 31-10-1997) വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്.

(ഡി) സ്പോർട്സ് കൗൺസിലിന്റെ വാർഷിക പരിശോധനയിൽ അകൗണ്ടന്റ് ജനറലും ചാർട്ടേർഡ് അക്കൗണ്ടന്റും പരിശോധന നടത്താറുണ്ട്.

അന്തർദ്ദേശീയ തുഴച്ചിൽ താരം ആത്മഹത്യ ചെയ്ത സംഭവം

29 (1068) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർദ്ദേശീയ തുഴച്ചിൽ താരം ശോഭിനി ആത്മഹത്യ ചെയ്യാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ശോഭിനിയുടെ ആത്മഹത്യയെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ ദേശീയ മത്സരങ്ങളിൽ മെഡൽ നേടിയതിന് സംസ്ഥാന സർക്കാർ ടിയാൾക്ക് നൽകാനുള്ള തുക എത്രയാണ്;

(ഡി) ഈ തുക നൽകാത്തത് എന്തുകൊണ്ടാണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കാരണം വ്യക്തമല്ല.

(ബി) ഇല്ല.

(സി) ലഭ്യമായ കണക്കനുസരിച്ച് 1998 മുതൽ ദേശീയ മത്സരങ്ങളിൽ മെഡൽ നേടിയതിന് 2,28,500 രൂപ നൽകുവാനുണ്ടായിരുന്നു.

(ഡി) ശോഭിനിക്ക് ദേശീയ മത്സരങ്ങളിലും ദേശീയ ചാമ്പ്യൻഷിപ്പുകളിലും മെഡൽ നേടിയതിനു അർഹതപ്പെട്ട 3,78,500 രൂപ ശോഭിനിയുടെ പിതാവിന്റെ പേരിൽ 7-12-2004-ൽ നൽകിയിട്ടുണ്ട്.

സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം

30 (1067) ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുണ്ടയാട് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്പോർട്സ് കോംപ്ലക്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) എപ്പോൾ നിർമ്മാണം തുടങ്ങി എപ്പോൾ പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോംപ്ലക്സിന്റെ നിർമ്മാണത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 16.20 ഏക്കർ സ്ഥലം കായിക യുവജനകാര്യ വകുപ്പിന്റെ പേർക്ക് കൈമാറ്റം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു.

(ബി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സ്പോർട്സ് കോംപ്ലക്സിന്റെ പണി ആരംഭിക്കുന്നതാണ്.

കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകൾ

31 (1071) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകളിൽ കുടിക്കട സർട്ടിഫിക്കറ്റ് പോലുള്ളവ എത്ര ദിവസത്തിനകം വിതരണം ചെയ്യാൻ കഴിയുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly